# ശ്രീ രാം ചന്ദ്ര മിഷൻ
# വാർത്താപത്രിക - ഇന്ത്യ

മാർച്ച് 2008 | സ്വകാര്യ പ്രചരണത്തിനു മാത്രം | വോല്യം 1 ലക്കം 2


പ്രിയ സഹോദരീ സഹോദരന്മാരെ,

പ്രണാമം,

ഇന്ത്യാ വാർത്താപത്രികയുടെ ആദ്യലക്കത്തിനു ലഭിച്ച ഊഷ്മളമായ പ്രതികരണത്തിന് ഞങ്ങൾ നന്ദിയുള്ളവരാണ്. നിങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ദയവായി ഞങ്ങൾക്ക് അയച്ചുതരിക. ഈ വാർത്താപത്രികയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് അവ സുപ്രധാനമാണ്. മാസ്റ്ററുടെ ഹൈദരാബാദ് യാത്ര, ബസന്ത് ഉത്സവം, കൊൽക്കത്ത ആശ്രമത്തെപ്പറ്റിയുള്ള ഫീച്ചർ തുടങ്ങിയവ ഈ ലക്കത്തിൽ പ്രാധാന്യമുള്ള വാർത്തകളാണ്.

മെയ്മാസത്തെ ലക്കത്തിനുള്ള വാർത്തകൾ ഞങ്ങൾക്കു ലഭിക്കേണ്ട അവസാനതിയ്യതി ഏപ്രിൽ 15, 2008 ആണ്. വാർത്തയും ഫോട്ടോഗ്രാഫും കൂടി നിങ്ങളുടെ ZIC മുഖേന അയച്ചുതരിക.

ഉപചാരപൂർവ്വം
എഡിറ്റോറിയൽ ടീം.



## ചെന്നൈയിൽ നടന്ന പൊങ്കൽ ആഘോഷങ്ങൾ



തെക്കേ ഇന്ത്യയിൽ പരമ്പരാഗതമായി ആഘോഷിക്കുന്ന സുപ്രധാനമായ ഒരു ഉത്സവമായ പൊങ്കൽ, വിളവെടുപ്പും അഭിവൃദ്ധിയുമായി ബന്ധപ്പെട്ടതാണ്. ഈ ഉത്സവവേളയിൽ മാസ്റ്ററുടെ ചെന്നൈയിലെ സാന്നിദ്ധ്യം പ്രതീക്ഷിച്ചുകൊണ്ട് രാജ്യമെമ്പാടുനിന്നും അഭ്യാസികൾ ഇവിടെ എത്തിച്ചേർന്നു.

പൊങ്കൽദിനത്തിന് തൊട്ടുമുമ്പുള്ള ദിനം രാവിലത്തെ സത്സംഗത്തിനുശേഷം, മാസ്റ്റർ രണ്ട് ഓഡിയോ സി.ഡി.കൾ പുറത്തിറക്കി.

പൊങ്കൽദിനത്തിൽ, മാസ്റ്റർ, നാലായിരത്തിലധികം അഭ്യാസികൾ പങ്കെടുത്ത രാവിലത്തെ സത്സംഗം നടത്തി. വൈകീട്ട് ബ്രദർ ശശാങ്ക് നടത്തിയ പുല്ലാങ്കുഴൽ കച്ചേരിയും ഉണ്ടായി. പൂജ്യമാസ്റ്റർ ഇതു ഹൃദ്യമായി ആസ്വദിച്ചു.

## പൂജ്യമാസ്റ്റർ ഹൈദരാബാദിൽ



പൊങ്കൽ ആഘോഷങ്ങൾക്കുശേഷം മാസ്റ്റർ കൊൽക്കത്തയിലേക്കും ഹൈദരാബാദിലേക്കുമായി യാത്രതിരിച്ചു. ജനുവരി 15 മുതൽ 25 വരെ കൊൽക്കത്തയും ജനുവരി 25 മുതൽ 28 വരെ ഹൈദരാബാദും അദ്ദേഹം സന്ദർശിച്ചു.

ഹൈദരാബാദിൽ, ആയിരക്കണക്കിലുള്ള അഭ്യാസികളുടെ സ്വീകരണവുമായി പൂജ്യമാസ്റ്റർ 'തുംകുണ്ഠ' ആശ്രമത്തിലെത്തി. 27-ന് ഞായറാഴ്ച സത്സംഗത്തിനുശേഷം നാല് വിവാഹങ്ങൾ അദ്ദേഹം നടത്തി. അതിനുശേഷം 'കുട്ടികളുടെ സെന്ററി'നുള്ള തറക്കല്ലിട്ടു. അവിടെ കൂടിയിരുന്ന കുട്ടികളെ അഭിസംബോധന ചെയ്ത്, അദ്ദേഹം, അവരോട് നല്ലതുപോലെ പഠിക്കുവാനും, സത്യസന്ധരായിരിക്കുവാനും, അനുസരണയുള്ളവരും എല്ലാവരേയും സ്നേഹിക്കുന്നവരുമാകുവാൻ ഉദ്ബോധിപ്പിച്ചു.



പൂജ്യമാസ്റ്റർ തികച്ചും സന്തോഷവാനും ഉന്മേഷവാനുമായി കാണപ്പെട്ടു. എല്ലാദിവസവും ഒരുമണിക്കൂറിൽ കൂടുതൽ കോട്ടേജിനുപുറത്ത് അഭ്യാസികളോടൊത്ത് അദ്ദേഹം ചെലവിട്ടു. സഹജമാർഗസാധനയിലെ സുപ്രധാനമായ കാര്യങ്ങളെക്കുറിച്ച് അഭ്യാസികളുടെ സംശയങ്ങൾ അദ്ദേഹം ദൂരീകരിച്ചു. മാസ്റ്ററുടെ ഹൈദരാബാദ് സന്ദർശനവേളയിൽ ഏഴായിരത്തിയഞ്ഞൂറിലധികം അഭ്യാസികൾ പങ്കെടുത്തു.



28-ാം തിയ്യതി വൈകീട്ട് ചെന്നൈയിൽ തിരിച്ചെത്തിയ പൂജ്യമാസ്റ്റർ നേരെ ബാബുജി മെമ്മോറിയൽ ആശ്രമത്തിലേക്കു വന്നു.

## ചെന്നൈയിൽ നടന്ന ബസന്ത് ഉത്സവാഘോഷങ്ങൾ

പൂജ്യ ആദിഗുരു ലാലാജി മഹരാജിന്റെ ജന്മദിനം ചെന്നൈയിൽ ആഘോഷിച്ചു. ബസന്തിന്റെ തലേന്നാൾ രാവിലെ സത് സംഗത്തിനുശേഷം മാസ്റ്റർ 12 വിവാഹങ്ങൾ നടത്തി. ഏകദേശം 3500 അഭ്യാസികൾ പങ്കെടുത്തു. ബസന്ത്ദിനത്തിൽ നാലായിരത്തിലധികം അഭ്യാസികൾ പങ്കെടുത്ത രാവിലത്തെ സത്സംഗം മാസ്റ്റർ നടത്തി. വൈകീട്ട് ബ്രദർ അജയ് ഭട്ടർ സത്സംഗം നടത്തി. സിസ്റ്റർ പ്രിയങ്കാരാമന്റെ ശാസ്ത്രീയ സംഗീതകച്ചേരിയും ഉണ്ടായി.

കന്നഡഭാഷയിലുള്ള 'സ്പൈഡേഴ്സ് വെബ്-വോല്യം 3' ന്റെ പ്രകാശനം പൂജ്യമാസ്റ്റർ നടത്തി. ഈയവസരത്തിൽ ബാംഗ്ലൂർ സെന്ററിലെ ബ്രദർ വൈ.കെ. വിശ്വനാഥ് 'സ്പൈഡേഴ്സ് വെബ്'ന്റെ മൂന്നു വോല്യങ്ങളും പരിഭാഷപ്പെടുത്താനായി ലഭിച്ച അനുഗ്രഹത്തിന് മാസ്റ്ററോട് നന്ദിപറഞ്ഞു.



## സത്കോൾ 2008 - ഗ്രീഷ്മകാലബാച്ചുകൾ

2008 ലെ സത്കോൾ സന്ദർശനത്തിനുള്ള ഗ്രീഷ്മകാലബാച്ചുകൾക്കായി ഇപ്പോൾ "online' ൽ അപേക്ഷിക്കാമെന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ. (ബാച്ച് 220 മുതൽ 231 വരെ)

http://www.srcm.info/satkhol_home.html

മുൻപറഞ്ഞ ബാച്ചുകളിലേക്കു മാത്രമേ അപേക്ഷിക്കുവാനാകൂ. ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടും. അപേക്ഷകൾ തയ്യാറാക്കുന്നതിനു മുമ്പ് മാർഗനിർദ്ദേശങ്ങൾ സശ്രദ്ധം നോക്കുക.

ഇന്റർനെറ്റ് സൗകര്യമില്ലാത്തവർ CIC യുടെ സഹായം തേടുക. സത്കോൾ ഓഫീസുമായും സഹായങ്ങൾക്ക് +91 44 2252 1099, +91 44 4217 1111 - extn. 218 എന്നീ നമ്പറുകളിൽ രാവിലെ 10 മുതൽ 12 നും വൈകീട്ട് 3 മുതൽ 4.30 വരെയും ബന്ധപ്പെടാം.

## 'അദ്ദേഹവും ഹുക്കയും ഞാനും'

അഭ്യാസികളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് പൂജ്യമാസ്റ്ററുടെ അനുവാദത്തോടെ 'അദ്ദേഹവും ഹുക്കയും ഞാനും' എന്ന ഡി.വി.ഡി. തയ്യാറായിക്കൊണ്ടിരിക്കുകയാണ്. പുതിയ സ്റ്റോക്ക് ലഭ്യമാകുന്നതനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

ഈ പ്രത്യേകപതിപ്പ് ആവശ്യമുള്ള അഭ്യാസികൾ അവരുടെ സെന്ററിലെ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക് whq.publications@srcm.org എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## 'അദ്ദേഹവും ഹുക്കയും ഞാനും' കന്നഡഭാഷയിൽ

'അദ്ദേഹവും ഹുക്കയും ഞാനും' കന്നഡഭാഷയിൽ പുസ്തകപ്രസിദ്ധീകരണത്തിന് തീരുമാനിച്ചിരിക്കുന്നു. കന്നഡമാതൃഭാഷയായ അഭ്യാസികൾക്ക് ഇത് ഉപകാരപ്രദമാവും. ഒരിക്കൽ മാത്രം പ്രസിദ്ധീകരിക്കുന്ന പ്രത്യേകപതിപ്പായതിനാൽ ഈ പുസ്തകം കോർപ്പസ് മെമ്പർമാർക്ക് (മെമ്പർ എന്ന നിലയിൽ) ലഭ്യമാകുകയില്ല. ജൂലൈ 24, 2008 ന് പൂജ്യമാസ്റ്ററുടെ ജന്മദിനാഘോഷവേളയിൽ ഈ പുസ്തകം വിതരണം ചെയ്യപ്പെടും.

ഈ പുസ്തകത്തിന് നിശ്ചയിച്ചിരിക്കുന്ന വില 200 രൂപ മുൻകൂറായി ലഭിക്കേണ്ട അവസാനതിയ്യതി ഏപ്രിൽ 30, 2008 നാണ്. അതിനുശേഷം - 1-05-2008 - മുതൽ പുസ്തകത്തിന്റെ വില 300 രൂപയായിരിക്കും.

## പൂജ്യമാസ്റ്ററുടെ 81-ാം ജന്മദിനാഘോഷം

ലഖ്നൗ, യു.പി., ഇന്ത്യ, ജൂലൈ 23, 24, 25 - 2008

പൂജ്യമാസ്റ്ററുടെ 82-ാം ജന്മദിനം ആഘോഷിക്കുവാനും അദ്ദേഹത്തിന്റെ ദൈവീകസാന്നിദ്ധ്യത്തിൽ പങ്കുചേർന്ന് അനുഗ്രഹീതരാകുവാനും അവസരം ഒരുക്കിക്കൊണ്ട് ലഖ്നൗ നഗരം ഒരിക്കൽക്കൂടി തയ്യാറാകുന്നു.

പൂജ്യമാസ്റ്ററുടെ ദൈവീകസാന്നിദ്ധ്യമനുഭവിക്കുവാനുള്ള ഒരവസരം തന്നതിന് ലോകമെമ്പാടുമുള്ള അഭ്യാസികളുടെ പേരിൽ ആഘോഷകമ്മിറ്റി മാസ്റ്ററോട് നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ രാം ചന്ദ്രാ മിഷന്റെയും സഹജമാർഗ സ്പിരിചാലിറ്റി ഫൗണ്ടേഷന്റെയും നേതൃത്വത്തിലാണ് ഈ ഉത്സവം സംഘടിപ്പിക്കുന്നത്. എല്ലാ അഭ്യാസി സഹോദരി സഹോദരന്മാരെയും ഈ മഹനീയ ആഘോഷത്തിൽ പങ്കുകൊള്ളുവാനും ഗുരുവിന്റെ സ്നേഹാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകുവാനും ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം

ആഘോഷകമ്മിറ്റി മെമ്പർമാർ

ആഘോഷത്തെപ്പറ്റി കൂടുതലറിയുവാനായി നിങ്ങളുടെ സെന്ററിലോ പ്രിസപ്റ്ററുമായോ ബന്ധപ്പെടുക. ഈ ആഘോഷത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങളും ഫോമുകളും മറ്റ് അറിയിപ്പുകളും മിഷന്റെ വെബ്സൈറ്റായ http://www.srcm.org/members/24july2008/index.jsp ൽ ലഭ്യമാണ്.

## പുതിയ MP3 സി.ഡി.കൾ പുറത്തിറക്കി


താഴെക്കാണിച്ചിട്ടുള്ള MP3 സി.ഡി.കൾ പുറത്തിറക്കിയിരിക്കുന്നു. ഓഡിയോ/വീഡിയോ കോർപ്പസ് മെമ്പർമാർക്ക് അവരുടെ സെന്റർ കോ-ഓർഡിനേറ്റർ മുഖേന ഇവ വിതരണം ചെയ്യുന്നതാണ്.



ഇവ മണപ്പാക്കത്തെ ബാബുജി മെമ്മോറിയൽ ആശ്രമത്തിലെ ബുക്ക് സ്റ്റോറിൽ നിന്നും നേരിട്ടോ, സെന്റർ കോ-ഓർഡിനേറ്റർ മുഖേനയോ വാങ്ങാവുന്നതാണ്.

1. മാസ്റ്ററുടെ തിരഞ്ഞെടുത്ത പ്രഭാഷണങ്ങൾ - MP3 സീരീസ് - വോല്യം 5, 1989
   ഇന്ത്യയിലും യൂറോപ്പ്, യു.എസ്.എ. എന്നിവിടങ്ങളിലും ശ്രീ പി. രാജഗോപാലാചാരി നടത്തിയ 27 പ്രഭാഷണങ്ങളാണ് ഇതിലുള്ളത്.
2. ഹൃദയവാണി 2005 (Heart Speak 2005)
   2005-ൽ ഇന്ത്യ, യു.എ.ഇ., ഡെൻമാർക്ക് എന്നിവിടങ്ങളിൽ നടത്തിയ 22 പ്രഭാഷണങ്ങൾ ഇതിലടങ്ങിയിരിക്കുന്നു.

## 'കോൺസ്റ്റന്റ് റിമംബറൻസ്' - ജനുവരി 2008




അടുത്തിടെ പുറത്തിറങ്ങിയ കോൺസ്റ്റന്റ് റിമംബറൻസ് 2008 ലെ ആദ്യലക്കം, വരിക്കാർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

## നെയ്‌വേലിയിലെ തുറന്നസദസ്സ്




'നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പൊറേഷ'ന്റെ ആസ്ഥാനമാണ് നെയ്‌വേലി. ധാരാളം കൽക്കരി ഖനികൾ സ്വന്തമായുള്ള ഈ കമ്പനി തമിഴ്നാടിന്റെ വൈദ്യുതിവിതരണത്തിൽ മുഖ്യപങ്കുവഹിക്കുന്നു. നെയ്‌വേലി പട്ടണം തന്നെ 18000 വരുന്ന അവിടുത്തെ തൊഴിലാളികളും അവരുടെ കുടുംബവും താമസിക്കുന്ന ക്വാർട്ടറുകൾ കൊണ്ട് നിറഞ്ഞിരിക്കയാണ്. ഇവിടുത്തെ ജീവിതം ആയാസരഹിതമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ അവിടുത്തെ സാമൂഹ്യ-സാംസ്കാരിക പ്രവൃത്തികളിലും ഇവർ സജീവം പങ്കുചേരുന്നു. ഈ ചുറ്റുപാടിൽ, കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങൾക്കുള്ളിൽ പല ആത്മീയവും മതപരവുമായ സംഘടനകളുടെ പെട്ടെന്നുള്ള വളർച്ചയ്ക്ക് ഈ പട്ടണം സാക്ഷ്യം വഹിച്ചു എന്നത് അത്ര അത്ഭുതകരമായ കാര്യമല്ല.

ഏകദേശം അമ്പതോളം വരുന്ന അവിടുത്തെ അഭ്യാസികൾ എല്ലാ ഞായറാഴ്ചയും സത്സംഗത്തിനായി ഒരു സ്കൂളിൽ ഒത്തുചേരാറുണ്ട്. 2008 ജനുവരി 26 ന് തെലുഗു സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. അതിൽ അഭ്യാസികൾ അവരുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും ക്ഷണിച്ചിരുന്നു.

സഹജമാർഗത്തിന്റെ കാര്യക്ഷമത ഉയർത്തിക്കാട്ടുന്ന ഘടകങ്ങളായ ശുദ്ധീകരണം, സംപ്രേഷണം, ജീവിച്ചിരിക്കുന്ന ഒരു മാസ്റ്ററുടെ സഹായം എന്നിവയെക്കുറിച്ച് ബ്രദർ സി. രാജഗോപാലൻ ഏകദേശം അമ്പതുമിനിറ്റോളം സംസാരിച്ചു. സദസ്സിൽ നിന്നുയർന്ന ചോദ്യങ്ങൾ, ആ സദസ്സ് സഹജമാർഗത്തെ എങ്ങനെ മനസ്സിലാക്കി എന്നതിന് തെളിവായിരുന്നു. സഹജമാർഗം തങ്ങളുടെ ജീവിതത്തിൽ എങ്ങനെ പകർത്തണം എന്നതിന് യോജിച്ചതായിരുന്നു ആ ചോദ്യങ്ങൾ. വിഷയത്തെക്കുറിച്ചുള്ള ബോധ്യവും ഉത്തരം പറയുന്ന രീതിയും പ്രാസംഗികന്റെ പരിചയവും സദസ്സിന് മാറ്റുകൂട്ടി. സദസ്യർ കുറച്ചുകൂടി വിഷയത്തിലേക്ക് ആകർഷിക്കപ്പെട്ടു. പങ്കെടുത്ത അറുപതുപേരിൽ നാല്പതുപേരും അന്നുതന്നെ പരിശീലനം ആരംഭിച്ചു. പങ്കെടുത്തവരിൽ പലരും ഉച്ചഭക്ഷണത്തിന് തങ്ങളുടെ വീടുകളിൽ പോയെങ്കിലും പരിശീലനം ആരംഭിക്കുന്നതിനുവേണ്ടി പെട്ടെന്നുതന്നെ തിരിച്ചെത്തി. തങ്ങളുടെ ഊഴത്തിനുവേണ്ടി രാത്രി വരേക്കും അവർ കാത്തുനിൽക്കുന്നത് കാണാമായിരുന്നു. ഈ കൽക്കരി പട്ടണത്തിൽ ലഭിച്ച ഹൃദ്യമായ വരവേല്പ്, കൂടുതൽ മനുഷ്യഹൃദയങ്ങൾ വജ്രംപോലെ തിളങ്ങാൻ ആഗ്രഹിക്കുന്നുണ്ടെന്നത്, ഞങ്ങളുടെ പ്രത്യാശയെ വീണ്ടും ഉയർത്തി.

*ശ്രീരാം രാഘവേന്ദ്രൻ, ചെന്നൈ*

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി ദീർഘകാലാടിസ്ഥാനത്തിൽ

എയർഫോഴ്സ് സ്കൂൾ, ബാംഗ്ലൂർ (2006 – 2008)

ഒരുദിവസത്തെ മാത്രം മൂല്യാധിഷ്ഠിത വിദ്യാഭ്യാസപരിപാടി നടപ്പിലാക്കിയിരുന്ന ബാംഗ്ലൂരിലെ ടീം ദീർഘകാലാടിസ്ഥാനത്തിൽ അവ നടപ്പാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുതുടങ്ങി. ഇതിന് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണസഹകരണം ലഭിച്ചിരുന്നു.

അഭ്യാസിയായ, ബാംഗ്ലൂരിലെ എയർഫോഴ്സ് സ്കൂളിലെ ഒരു ഇംഗ്ലീഷ് അദ്ധ്യാപകന്റെ സഹായത്താൽ ഈ പദ്ധതി 2006 ൽ നടപ്പാക്കാൻ തുടങ്ങി. 2006-07 അദ്ധ്യയനവർഷത്തിൽ 3 മുതൽ 5 വരെയുള്ള ക്ലാസുകളിലാണ് ഇത് ആദ്യമായി ആരംഭിച്ചത്. മൂന്നുനാലു മാസത്തോളം വളണ്ടിയർമാർ ഇതു കൈകാര്യം ചെയ്തശേഷം ക്ലാസിലെ അദ്ധ്യാപകർ ഏറ്റെടുക്കുക എന്നതായിരുന്നു പദ്ധതി. 'സ്മൃതി'യുടെ മൂല്യാധിഷ്ഠിത പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി ആരംഭിച്ച ഈ പരിപാടിയിൽ ക്ലാസിലെ അദ്ധ്യാപകന്റെ കൂടെ ഒരു വളണ്ടിയർ നിരീക്ഷകനായി പ്രവർത്തിച്ചിരുന്നു.

ഉദാഹരണങ്ങൾ കൊണ്ടും കാര്യപരിപാടികൾ കൊണ്ടും ക്ലാസുകൾ വളരെ ഉണർവ്വുള്ളതായിരുന്നു. തങ്ങൾക്ക് പറയുവാനുള്ള അവസരം കുട്ടികൾക്ക് ലഭിച്ചിരുന്നത് അവർ തികച്ചും ആസ്വദിച്ചു. ആദ്യത്തെ നാലുമാസങ്ങൾക്കുശേഷം വിദ്യാർത്ഥികളുടെ 'മൂല്യാധിഷ്ഠിത ശാസ്ത്രപ്രദർശനം' സംഘടിപ്പിക്കുകയുണ്ടായി. മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമായി അവർ പല നൂതനാശയങ്ങൾ പ്രദർശിപ്പിച്ചു.



അടുത്ത അദ്ധ്യയനവർഷത്തിൽ അതായത് 2007-08 ൽ ആറു മുതൽ പത്തു വരെയുള്ള ക്ലാസുകളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം മൂന്നുമാസത്തോളം നടപ്പിലാക്കി. ക്ലാസിലെ അദ്ധ്യാപകനോടൊപ്പം എല്ലാ ക്ലാസിലും നിരീക്ഷകനായി ഒരു വളണ്ടിയർ ഉണ്ടായിരുന്നു. ഈ ഘട്ടത്തിൽ വളണ്ടിയറോടൊപ്പം അദ്ധ്യാപകനോട് ക്ലാസെടുക്കുവാൻ ആവശ്യപ്പെടുകയായിരുന്നു. അദ്ധ്യാപകർക്കും പരിശീലനം ലഭിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. പ്രായോഗികപരിശീലനവും തുറന്ന ചർച്ചയുമായിരുന്നു ഇതിന്റെ എടുത്തുപറയാവുന്ന പ്രത്യേകതകൾ.



അദ്ധ്യയന വർഷാവസാനത്തിൽ രക്ഷിതാക്കൾക്കു വേണ്ടി മാത്രം ഒരു പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത്തരം ഒരു പദ്ധതി ഇവിടെ നടപ്പിലാക്കുന്നുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം.

*തുളസി അറോറ, സരോജ ശ്രീനിവാസൻ, ആർ. മൂർത്തി- ബാംഗ്ലൂർ*

## തുറന്ന സദസ്സുകൾ



**ചന്ദനഗ്രാമം**

ഡിസംബർ 25, 2007ന് റായ്പൂരിൽ നിന്നും 140 കിലോമീറ്റർ ദൂരെയുള്ള ചന്ദനഗ്രാമത്തിൽ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. ഈ വിദൂരഗ്രാമത്തിൽ അഭ്യാസികൾ ആരുംതന്നെയില്ല. പങ്കെടുത്ത നാല്പതുപേരിൽ മുപ്പത്തൊമ്പതുപേരും സഹജമാർഗപരിശീലനം ആരംഭിച്ചു.

ചന്ദനഗ്രാമത്തിൽ നിന്നും 20 കി.മീ. ദൂരെയുള്ള ബസന ഗ്രാമത്തിൽ അതേദിവസം തന്നെ സംഘടിപ്പിച്ച മറ്റൊരു മീറ്റിങ്ങിൽ പങ്കെ



ടുത്ത എട്ടുപേരിൽ ആറുപേർ സഹജമാർഗത്തിൽ ചേർന്നു.

**ബിലാസ്പൂർ കേന്ദ്രം**

ബിലാസ്പൂർ കേന്ദ്രത്തിൽ 2007 ഡിസംബർ 1 ന് സംഘടിപ്പിച്ച സദസ്സിൽ 114 പേർ പങ്കെടുത്തു. അതിൽ 6 പേർ പരിശീലനം ആരംഭിച്ചു.

**രജാം :** വിശാഖപട്ടണത്തിനടുത്തുള്ള ഈ കേന്ദ്രത്തിൽ അവിടുത്തെ വക്കീലുമാർക്കുവേണ്ടി ഏർപ്പെടുത്തിയ മീറ്റിങ്ങിൽ 45 പേർ പങ്കെടുത്തു.

**തൂണി** (വിശാഖപട്ടണത്തിനടുത്ത്): ഇവിടുത്തെ തുറന്ന സദസ്സിൽ സ്ഥലത്തെ കച്ചവടക്കാരടക്കം 60 പേർ പങ്കെടുത്തു.

**കർണൂൽ** : ഇവിടെയുള്ള എഞ്ചിനീയറിങ്ങ് കോളേജിലെ സ്ത്രീകൾക്കായുള്ള ഹോസ്റ്റലിൽ തുറന്ന സദസ്സ് സംഘടിപ്പിച്ചു. ഇതിൽ 180 പേർ പങ്കെടുത്തു.

**മണ്ഡാമരി** (Mandamarri) : യുവാക്കൾക്കുവേണ്ടിയുള്ള തുറന്ന സ്ദസ്സിൽ 43 പേർ പങ്കെടുത്തു.

**കരീംനഗർ** : സിർസില മണ്ഡലിലെ റാഗഡുവിൽ സംഘടിപ്പിച്ച തുറന്ന സദസ്സിൽ 55 ഗ്രാമീണർ പങ്കെടുത്തു.

**ഗോദാവരിക്കനി** : ഇവിടുത്തെ അദ്ധ്യാപകർക്കുവേണ്ടി ഏർപ്പാടു ചെയ്ത തുറന്ന സദസ്സിൽ 20 അദ്ധ്യാപകർ സന്നിഹിതരായിരുന്നു.

**അനന്തപൂർ** : സംഘമിത്ര പിക്നിക് സെന്ററിൽ നടത്തിയ പൊതുചടങ്ങിൽ 20 പേർ പങ്കെടുത്തു.

## ഡോക്ടർ വളണ്ടിയർമാരെ ആവശ്യമുണ്ട് (അലോപ്പതി മാത്രം)

**സൗജന്യ ചികിത്സാകേന്ദ്രം, ബാബുജി മെമ്മോറിയൽ ആശ്രമം, മണപ്പാക്കം, ചെന്നൈ.**



1999 മുതൽ പ്രവർത്തിക്കുന്ന ഈ സൗജന്യ ചികിത്സാകേന്ദ്രം 2005 ജനുവരി 14 മുതൽ കൂടുതൽ സ്ഥലസൗകര്യമുള്ള അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിലേക്ക് മാറ്റി. അതിനുശേഷം ഈ സൗകര്യം അഭ്യാസികൾക്കു മാത്രമല്ല, മണപ്പാക്കത്തിനു ചുറ്റും താമസിക്കുന്ന മറ്റുള്ളവർക്കും ലഭ്യമാക്കിയിട്ടുണ്ട്. ദിവസവും ഏകദേശം 100 രോഗികളെയെങ്കിലും ഇവിടെ പരിശോധിക്കാറുണ്ട്.

ഈ കേന്ദ്രത്തിൽ എല്ലായ്പ്പോഴും വളണ്ടിയർമാരെ ആവശ്യമുണ്ട്. ഇവിടുത്തെ പ്രവൃത്തിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി പരിശീലനം നൽകുന്നതായിരിക്കും. പിന്നീട് സ്വന്തം കേന്ദ്രങ്ങളിൽ ഇത്തരം സേവനം ലഭ്യമാക്കുന്നതിന് ഈ പരിശീലനം സഹായിക്കും. ഇത്തരം വിദഗ്ധരുടെ പ്രായോഗിക വിഷമതകൾ മനസ്സിലാക്കി അവർക്കിവിടെ 15 ദിവസം മുതൽ 30 ദിവസം വരെ താമസിച്ച് തങ്ങളുടെ സേവനം നൽകാവുന്നതാണ്.

വളണ്ടിയർമാർക്ക് താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്.

1. ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും സഹജമാർഗം പരിശീലിക്കുന്നവരായിരിക്കണം.
2. ആശ്രമത്തിൽ താമസിക്കാൻ തയ്യാറുള്ളവരും തങ്ങളുടെ യാത്രാചെലവുകൾ സ്വയം വഹിക്കാൻ സന്നദ്ധരുമായിരിക്കണം.
3. ഓരോ മാസത്തേയും രണ്ടായി വിഭജിച്ചിട്ടുണ്ട്. നിങ്ങൾ അയക്കുന്ന ബയോഡാറ്റയിൽ പേര്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യത, ഫോൺ നമ്പരുകൾ, ഇ-മെയിൽ വിലാസം, പ്രവൃത്തിപരിചയം മുതലായവക്ക് പുറമെ സേവനത്തിനുവേണ്ടി നിങ്ങൾ തിരഞ്ഞെടുത്ത സമയവും കാണിക്കേണ്ടതാണ്.
4. നിങ്ങൾ ഇവിടെ താമസിക്കുന്ന കാലയളവിൽ ആശ്രമഅധികാരികളുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് സൗജന്യചികിത്സാകേന്ദ്രങ്ങളിൽ മാത്രം ജോലി ചെയ്യുവാൻ ബാധ്യസ്ഥരാണ്.
5. വളണ്ടിയർ സേവനത്തിനുവേണ്ടി നിങ്ങളുടെ അപേക്ഷ സമർപ്പിക്കുമ്പോൾ നിങ്ങൾ സേവനം ചെയ്യുവാൻ ഉദ്ദേശിക്കുന്ന ദിവസങ്ങളും സൂചിപ്പിച്ചിരിക്കണം. അതായത്, മാസത്തെ ആദ്യത്തെ 15 ദിവസമോ അതോ രണ്ടാമത്തെ 15 ദിവസമോ എന്ന് രേഖപ്പെടുത്തിയിരിക്കണം.

2008 ഏപ്രിൽ 1 മുതൽ ഈ സേവനം പ്രാബല്യത്തിൽ കൊണ്ടുവരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സംശയങ്ങൾ/മറുപടികൾ/ അപേക്ഷകൾ എന്നിവ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയച്ചുതരുവാൻ അപേക്ഷിക്കുന്നു.

ഡോ. യു. രവീന്ദ്രൻ
കോ-ഓർഡിനേറ്റർ, ഫ്രീ മെഡിക്കൽ സെന്റർ
ബാബുജി മെമ്മോറിയൽ ആശ്രമം, മണപ്പാക്കം, ചെന്നൈ - 600 116
ഫോൺ : 044 - 42171111/ 0 9382877974 (M)
e-mail : druravindran@gmail.com

*ജോലി ഒരിക്കലും നൽകുകയില്ല. അത് ഏറ്റെടുത്ത് ചെയ്യണമെന്ന് ഞാൻ വിശ്വസിക്കുന്നു. ജോലിയെക്കുറിച്ചുള്ള ഒരു രഹസ്യം ഇതാണ്. മാസ്റ്റർ ആരേയും വിളിച്ച് ജോലി ഏല്പിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ആരെങ്കിലും ജോലി ചെയ്യാൻ തയ്യാറായി വന്നാൽ അവർക്ക് മാസ്റ്റർ ജോലിയും അതു ചെയ്യാനുള്ള കഴിവും നൽകിയിരുന്നു. സേവിക്കുവാനുള്ള താത്പര്യം അയാൾ തുടർന്നും പ്രകടിപ്പിച്ചാൽ, കൂടുതൽ പ്രാധാന്യമുള്ള ജോലികൾ അയാൾക്ക് നൽകിയിരുന്നു.*

*ജോലിയിലെ രഹസ്യം ഇതാണെന്ന് ഞാൻ ആവർത്തിക്കുന്നു; ചുരുങ്ങിയത് ആത്മീയതയിലെങ്കിലും.*

*പി. രാജഗോപാലാചാരി*
*സ്പിരിച്വൽ ഫ്ളെയിം, സ്പൈഡേഴ്സ് വെബ്, വോല്യം 2, പേജ് 341*

## ബസന്ത് ആഘോഷങ്ങൾ

ആദിഗുരു ലാലാജി മഹരാജിന്റെ ജന്മദിനം ഇന്ത്യയിലെ എല്ലാ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഭക്തിയോടും സ്നേഹത്തോടും വിശ്വാസത്തോടും കൂടി ആഘോഷിച്ചു. ഒറീസ്സയിലും മറ്റു പല സംസ്ഥാനങ്ങളിലും അവിടുത്തെ അഭ്യാസികൾ സംസ്ഥാനത്ത് ഒരു സ്ഥലത്തുവെച്ചാണ് ഈ ജന്മദിനം ആഘോഷിച്ചത്. വലിയ സംസ്ഥാനങ്ങളിൽ പല ജില്ലകളിലെ അഭ്യാസികൾ ലാലാജിയുടെ ജന്മദിനം ആഘോഷിക്കാൻ ഒരുസ്ഥലത്ത് ഒന്നിച്ചുകൂടി.

ഈ ആഘോഷത്തിൽ രാവിലെയും വൈകുന്നേരവും സത്സംഗങ്ങൾ ഉണ്ടായിരുന്നു. രാവിലത്തെ സത്സംഗത്തിനുശേഷം മിക്ക സ്ഥലങ്ങളിലും ലാലാജിയുടെ ജീവിതത്തെക്കുറിച്ചുള്ള സംഭാഷണങ്ങളും 'അദ്ദേഹവും ഹുക്കയും ഞാനും' എന്നതിന്റെ വീഡിയോ പ്രദർശനവും കീർത്താനാലാപനങ്ങളും ഉണ്ടായിരുന്നു. അടുത്ത ദിവസം ഞായറാഴ്ച ആയതുകൊണ്ട് പല സ്ഥലങ്ങളിലും ആഘോഷം ഞായറാഴ്ചയും തുടർന്നു.

ഉത്തർപ്രദേശിലെ ഗോലാ ഗോഗനാഥ് സെന്ററിൽ പാചകശാല അന്ന് ഉദ്ഘാടനം ചെയ്തു. ആഘോഷത്തിനുശേഷം രണ്ടു ദിവസത്തെ അഭ്യാസി ട്രെയ്നിങ്ങ് പ്രോഗ്രാം നടത്തി. 40 കേന്ദ്രങ്ങളിൽ നിന്ന് 400 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. എല്ലാ അഭ്യാസികൾക്കും ഈ പ്രോഗ്രാമിനെപ്പറ്റി നല്ല അഭിപ്രായമായിരുന്നു. ഇൻഡോർ സെന്ററിനുചുറ്റുമുള്ള മോവ്, ദിവാസ്, നർമ്മദ നഗർ, സൻവാർ, ദാർ, മാംധു തുടങ്ങിയ ഉപകേന്ദ്രങ്ങൾക്ക് ഇൻഡോർ സെന്ററാണ് ആതിഥേയത്വം വഹിച്ചത്. ഏകദേശം 500 സഹോദരീ സഹോദരന്മാർ സത്സംഗത്തിൽ പങ്കുചേർന്നു. ചായക്കു ശേഷം കേന്ദ്രത്തിലെ കുട്ടികൾ മീരയുടെ ജീവിതത്തെപ്പറ്റി ഒരു സംഗീത നാടകം അവതരിപ്പിച്ചു.

ഈ പുണ്യദിനത്തിൽ, ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകതരത്തിലുള്ള അനുഭവമാണ് ഉണ്ടായത്. ഒരു ദൈവീകകുടയ്ക്കു കീഴിൽ അവർ നിൽക്കുന്നതുപോലെയാണ് പലർക്കും തോന്നിയത്. ആഘോഷം കഴിഞ്ഞ് തിരിച്ചുപോകുമ്പോൾ അവരുടെ ഹൃദയം ദിവ്യമാസ്റ്ററോടുള്ള കൃതജ്ഞതയാൽ നിറഞ്ഞിരുന്നു.

*വികല്പ്, ശേഖർ റോയ്, പ്രഭാത്കുമാർ*

## പേയ്ത്താൻ (Paithan) കേന്ദ്രത്തിലെ ധ്യാനഹാൾ

പണ്ടുകാലത്ത് 'പ്രതിഷ്ഠാന' എന്നറിയപ്പെട്ടിരുന്ന പേയ്ത്താൻ കേന്ദ്രത്തിന്റെ വളർച്ചയിൽ 2008 ഫെബ്രുവരി 1 ഒരു സുപ്രധാന ദിനമാണ്. ആ ദിവസം അവിടെ ഒരഭ്യാസിയുടെ വീട്ടിൽ ധ്യാനത്തിനായി നിർമ്മിച്ച ഹാൾ ഉദ്ഘാടനം ചെയ്തു.

മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ നിന്ന് ഏകദേശം 55 കിലോമീറ്റർ തെക്കുഭാഗത്താണ് പേയ്ത്താൻ സ്ഥിതിചെയ്യുന്നത്. ഇത് ഒരു ചരിത്രപ്രാധാന്യമുള്ള സ്ഥലം മാത്രമല്ല; പല സന്യാസിമാരുടെ ജന്മസ്ഥലം കൂടിയാണ്. പല ശതാബ്ദങ്ങൾക്കു മുമ്പ് പേരുകേട്ട മറാത്തി കവി ഏക്നാഥ് ഇവിടെയാണ് ജീവിച്ചിരുന്നത്. ഭാനുദാസ്, മുക്തേശ്വർ എന്നീ സന്യാസിമാരും ഇവിടെയാണ് ജനിച്ചത്.

പേയ്ത്താനിൽ നിന്ന് ഏറ്റവും അടുത്തുള്ള റയിൽവേസ്റ്റേഷനും വിമാനത്താവളവും ഔറംഗാബാദാണ്. ഔറംഗാബാദും പേയ്ത്താനും തമ്മിൽ നല്ല വിശാലമായ റോഡുവഴി ബന്ധിക്കപ്പെട്ടിരിക്കുന്നു. നഗരത്തിൽ നിന്നും ഏകദേശം ഒരുകിലോമീറ്റർ ദൂരത്താണ് മേൽപറഞ്ഞ ധ്യാനഹാൾ സ്ഥിതിചെയ്യുന്നത്. അവിടെ അഭ്യാസികൾക്ക് ഇരുന്നു ധ്യാനിക്കാം. മഹാരാഷ്ട്ര ZIC ബ്രദർ എസ്.വി. വൈദ്യയാണ് ആദ്യത്തെ സത്സംഗം നടത്തിയത്. അതിനുശേഷം നടന്ന പ്രഭാഷണത്തിൽ ഒരു കേന്ദ്രം അഭിവൃദ്ധിപ്പെടുന്നതിൽ അഭ്യാസിയുടെ പങ്കിനെക്കുറിച്ച് ഊന്നിപ്പറഞ്ഞിരുന്നു.



ഇവിടെ ഒരു 'സഹജനഗരം' വളരണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു.

## ന്യൂ ദില്ലി സേവാശ്രമത്തിൽ യുവാക്കൾക്ക് പ്രായോഗികപരിശീലനം

ജനുവരി 12 ന് ന്യൂ ദില്ലിയിലെ യുവാക്കൾക്കായി 'ആന്തരീക ഉണർവ്വി'നെപ്പറ്റി ഒരു ദിവസത്തെ പരിപാടി സംഘടിപ്പിച്ചു. ആന്തരീകഉണർവ്വ് നൽകുന്നത് ദിവ്യമാസ്റ്ററാണെന്നതിനെക്കുറിച്ചും മനുഷ്യജീവിതത്തിൽ ആത്മീയതയുടെ പ്രാധാന്യത്തെക്കുറിച്ചും നടത്തിയ പ്രഭാഷണങ്ങൾ ഈ പരിപാടിക്ക് തുടക്കം കുറിച്ചു. നമ്മുടെ ഹൃദയത്തിൽ മാറ്റങ്ങൾ വരുത്തി മാസ്റ്റർ എങ്ങനെയാണ് നിശബ്ദമായി സമൂലപരിവർത്തനം നമ്മിൽ നടത്തുന്നത് എന്നതിനെപ്പറ്റിയും, നമ്മുടെ സ്വഭാവരൂപീകരണം നമ്മുടെ ഉത്തരവാദിത്വമാണെന്നതിനെക്കുറിച്ചും പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു.

അഭ്യാസികളെ ഗ്രൂപ്പുകളായി തിരിച്ച് അവർക്ക് കൊടുത്ത വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അതിനുശേഷം ഓരോ ഗ്രൂപ്പും അവർക്കു കൊടുത്ത വിഷയത്തെപ്പറ്റി അവരുടെ ചിന്തകളും അഭിപ്രായങ്ങളും അവതരിപ്പിച്ചു. അതിനുശേഷം ചോദ്യോത്തരങ്ങൾ ഉണ്ടായിരുന്നു. സഹജമാർഗത്തെപ്പറ്റിയുള്ള ഒരു വാങ്മൂലപരീക്ഷ ഈ പരിപാടിയിലെ മറ്റൊരു പ്രത്യേകതയായിരുന്നു. ദില്ലിയിലെ അഭ്യാസികൾക്ക് പഠനത്തിനുള്ള ഒരു നല്ല അവസരമായിരുന്നു ഇത്.

*വിജയ വിട്ടൽ, ന്യൂ ദില്ലി.*




## ദിവ്യപ്രകാശകേന്ദ്രം - ബാബുജി മെമ്മോറിയൽ ആശ്രമം, കൊൽക്കത്ത

*“ശ്രീ രാം ചന്ദ്ര മിഷൻ അതിന്റെ ചിറകുകൾ എല്ലാഭാഗത്തേക്കും വിടർത്തുകയാണ്. ആ ഉദ്യമത്തിൽ ഈ ആശ്രമം ഒരു മകുടോദാഹരണമായി നിൽക്കുന്നു. ജീവന്റെ അഭാവത്തിൽ ,വാസ്തുനിർമ്മാണ കലയുടെ നിറചാതുരിയോടുകൂടി നിൽക്കുന്ന ഈ കെട്ടിടം വെറും ഉപരിപ്ലവം മാത്രമാണ്. **ആശ്രയം** ലഭിക്കുന്ന ഇടമായിരിക്കണം ആശ്രമം. ഇവിടെ ആത്മാവ് സമാധാനത്തിലും, പരമാത്മാവുമായി ആശയവിനിമയം നടത്താൻ കഴിയുന്നതുമായിരിക്കണം.”*



കൊൽക്കത്ത ആശ്രമോദ്ഘാടനവേളയിൽ ബ്രദർ അജയ് ഭട്ടർ പറഞ്ഞ വാക്കുകളാണിവ. സിമന്റിനും ഇഷ്ടികയ്ക്കും പുറമെ അനേകം അഭ്യാസികളുടെ സ്നേഹവും ഭക്തിയും ഇതിന്റെ നിർമ്മാണത്തിനുപയോഗിച്ചിട്ടുണ്ട്. 2002 മാർച്ച് 17 ന് ദിവ്യമാസ്റ്റർ ഇതിന്റെ തറക്കല്ലിട്ടു. പക്ഷേ, നവംബറിലാണ് ഇതിന്റെ പണി യഥാർത്ഥത്തിൽ തുടങ്ങിയത്. 2003 ഡിസംബർ 25 ന് ഉദ്ഘാടനം നടത്താൻ കഴിയുന്നവിധം വളരെ വേഗത്തിൽ പണി പൂർത്തിയാക്കി.

നഗരത്തിന്റെ കിഴക്കുഭാഗത്ത് റൂബി ആശുപത്രിക്ക് പിൻഭാഗത്തായാണ് ഈ ആശ്രമം. വിമാനത്താവളത്തിൽ നിന്ന് 18 കിലോമീറ്ററും, റയിൽവേസ്റ്റേഷനിൽ നിന്ന് 21 കിലോമീറ്ററുമാണ് ഈ ആശ്രമത്തിലേക്കുള്ള ദൂരം. ഏകദേശം 48000 ചതുരശ്രഅടി വിസ്താരമുള്ള ഈ ആശ്രമത്തിൽ രണ്ടുകെട്ടിടങ്ങളുണ്ട്. അതിൽ കാര്യനിർവ്വഹണത്തിനാവശ്യമായ ഓഫീസുകളും പാചകശാലയും ഭക്ഷണശാലയുമുണ്ട്. അഭ്യാസികൾക്ക് താമസിക്കാനുള്ള മുറികളും ധ്യാനഹാളും, പൂജ്യമാസ്റ്റർക്ക് താമസിക്കാനുള്ള ഭംഗിയേറിയ കോട്ടേജും ഇവിടെയുണ്ട്. അഭ്യാസി





കൾക്ക് താമസിക്കാനുള്ള ഡോർമിറ്ററികൾ ധ്യാനഹാളിനു താഴെയാണ്. സഹോദരികൾക്കും സഹോദരന്മാർക്കും വെവ്വേറെ ശൗച്യാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മറ്റു പല ആശ്രമങ്ങളെ അപേക്ഷിച്ച് ഈ ആശ്രമം വളരെ ചെറുതാണെങ്കിലും ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്ത് രൂപനിർദ്ദേശം ചെയ്തിരിക്കുന്ന ഇവിടെ കെട്ടിടങ്ങൾക്കു ചുറ്റും പുൽത്തകിടികളുണ്ട്. അതിന്റെ ഒരുഭാഗം കുട്ടികൾക്ക് കളിക്കുവാനുള്ള സ്ഥലവും ബാസ്ക്കറ്റ് ബോൾ കോർട്ടുമാണ്.

ധ്യാനഹാളിലേക്കു വരാൻ രണ്ടു വഴികളുണ്ട്. ഒന്ന് കോണിപ്പടികൾക്കടുത്തും മറ്റേത് വളഞ്ഞുകയറുന്ന റാംപി(ramp)നടുത്തും. ഇതു മിഷൻ ചിഹ്നത്തിനോട് (emblom) സാമ്യതയുള്ളതാണ്. ഒരു വ്യക്തി അവസാനലക്ഷ്യത്തിലെത്തുന്നതുവരെ വിഷമങ്ങളും തടസ്സങ്ങളും നിറഞ്ഞ മലകൾ മുറിച്ച് മുന്നോട്ടു നീങ്ങുന്നു. അതുതന്നെയാണ് ഈ പടികൾ സൂചിപ്പിക്കുന്നത്.

പൂജ്യമാസ്റ്ററുടെ കോട്ടേജ് വളരെ ഭംഗിയായി നിർമ്മിച്ചതാണ്. ഒന്നാം നിലയിൽ മാസ്റ്ററുടെ കിടപ്പുമുറിയോടു ചേർന്ന് ഒരു ഇടനാഴിയുണ്ട്. കോട്ടേജിനു താഴെ കാത്തിരിക്കുന്ന അഭ്യാസികൾക്കും ഭക്ഷണശാലയിലിരിക്കുന്നവർക്കും മാസ്റ്റർ ഈ വരാന്തയിൽ ഇരിക്കുന്നതു കാണാം. മാസ്റ്റർ പലപ്പോഴും അവിടെ വന്നിരുന്ന് അഭ്യാസികളുമായി സംസാരിക്കാറുണ്ട്. അഭ്യാസികൾ വളരെ ഇഷ്ടപ്പെടുന്ന ഒരു കാര്യമാണിത്.

ധ്യാനഹാളിനടുത്തുള്ള പുൽത്തകിടിയിൽ ബാബുജി മഹരാജിന്റെ ഒരു പ്രതിമ അടുത്തിടെ സ്ഥാപിച്ചിട്ടുണ്ട്. ബാബുജി മഹരാജിന്റെ സ്മരണാർത്ഥം നിർമ്മിച്ച്, അദ്ദേഹത്തിന് സ്നേഹപൂർവ്വം പൂജ്യമാസ്റ്റർ സമർപ്പിച്ചതാണ് ഈ ആശ്രമം. നമുക്ക് അദ്ദേഹത്തോടുള്ള ബഹുമാനസൂചകമാണ് ഈ ശില്പം.

ദിവ്യമാസ്റ്ററുടെ വാക്കുകളിൽ, *“ഈ മിഷന്റെ അഭുതപൂർവ്വമായ വളർച്ചയുടെ സൂചകമാണ് കൽക്കത്തയിലെ ഈ ആശ്രമം. ഇത്തരം പ്രകാശബിന്ദുക്കളാൽ നമ്മുടെ മിഷന്റെ ശോഭ ഭൂമിമുഴുവൻ പരക്കും. അത് ഒളിച്ചുവെക്കാനാവില്ല.”*

**ഈ ന്യൂസ് ലെറ്ററിന്റെ വരിക്കാരാവുന്നതിന് http://www.srcm.org/centers/as/in/newsletter/index.jsp സന്ദർശിക്കുക.**
**പ്രതികരണങ്ങളും അഭിപ്രായങ്ങളും പുതിയ ലേഖനങ്ങളും in.newsletter@srcm.org എന്ന വിലാസത്തിൽ അയക്കുക.**

© 2008 Shri Ram Chandra Mission (“SRCM”). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.